# 4. ജിഹാദ്

അഞ്ച് കർമ പ്രമാണങ്ങളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിട്ടില്ലെങ്കിലും സുപ്രധാനമായ ഒരു കർമ പ്രമാണമായി ഗണിക്കപ്പെടുന്നുണ്ട് ജിഹാദ്. പരിശ്രമം, ക്ലിഷ്ടമായ അധ്വാനം, സമരം എന്നൊക്കെയാണ് ജിഹാദിന്റെ ഭാഷാർഥം. വ്യക്തി അവന്റെ അകത്തും പുറത്തുമുള്ള തിന്മകൾക്കെതിരെ നടത്തുന്ന സമരമാണ് ജിഹാദ്. ഈ അർഥത്തിൽ നേരത്തെപ്പറഞ്ഞ കർമ പ്രമാണങ്ങളിലെല്ലാം ജിഹാദിന്റെ അംശമുണ്ട്. ഒരാൾ സ്വന്തം ദൗർബല്യങ്ങളും ദുഃസ്വഭാവങ്ങളും പരിഹരിക്കാൻ നടത്തുന്ന പ്രയത്നങ്ങൾ ജിഹാദാകുന്നു. പ്രവാചകൻ ഒരിക്കൽ അതിനെ അൽജിഹാദുൽ അക്ബർ (ഏറ്റവും വലിയ ജിഹാദ്) എന്നു വിശേഷിപ്പിക്കുകയുണ്ടായി.

എന്നാൽ ഇസ്‌ലാമിക ആദർശങ്ങളും ധർമങ്ങളും പ്രചരിപ്പിക്കാനും നിലനിർത്താനും അതിനെതിരായ ശക്തികളെ പരാജയപ്പെടുത്താനുമുള്ള സായുധ സമരമുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് സാങ്കേതികമായ ജിഹാദ്. വിശുദ്ധ ഖുർആൻ നോമ്പിനെക്കാളും ഹജ്ജിനെക്കാളും കൂടുതൽ ആവർത്തിച്ചു ഊന്നിപ്പറഞ്ഞിട്ടുള്ളത് ജിഹാദാണ്. അതുകൊണ്ട് അതിനെ ആറാം കർമ പ്രമാണമായി ഗണിക്കേണ്ടതാണെന്ന് അഭിപ്രായമുള്ള പണ്ഡിതന്മാരുണ്ട്. കർമപ്രമാണങ്ങളിൽ എണ്ണിപ്പറഞ്ഞ ഓരോ കർമവും ഓരോ വിശ്വാസിയുടെയും വ്യക്തിപരമായ നിർബന്ധ ബാധ്യതയാണ്. ജിഹാദ് അഥവാ ദീനീ സേവനവും പ്രബോധനവും ഒരു സാമൂഹിക ബാധ്യതയാണ്. അത് സമൂഹത്തിലെ ഏതെങ്കിലും ചിലയാളുകൾ നിർവഹിച്ചാൽ സമൂഹത്തിലെ എല്ലാവരും ആ ബാധ്യതയിൽനിന്നു മുക്തരാകും.

നമസ്കാരമോ നോമ്പോ ഹജ്ജോ അങ്ങനെയുള്ളതല്ല. അത് ഓരോ വ്യക്തിക്കും വ്യക്തിപരമായ ബാധ്യതയാണ്. സമൂഹത്തിലെ ആരെങ്കിലും ചിലർ നമസ്കരിച്ചതുകൊണ്ട് നമസ്കാരം ഉപേക്ഷിച്ചവർ കുറ്റവിമുക്തരാവുകയില്ല. ഇതാണ് വ്യക്തിപരമായ ബാധ്യത(ഫർദ് ഐൻ)യും സാമൂഹ്യബാധ്യത (ഫർദ് കിഫായഃ)യും തമ്മിലുള്ള അന്തരം. ജിഹാദ് ഫർദ് കിഫായഃ ആയതുകൊണ്ടാണ് പാരമ്പര്യ ദൈവശാസ്ത്രകാരൻമാർ അതിനെ കർമപ്രമാണങ്ങളിൽ ഉൾപ്പെടുത്താതിരുന്നത്.

ജിഹാദിനെ മതയുദ്ധം, വിശുദ്ധ യുദ്ധം എന്നൊക്കെ ചിലർ തർജമഃ ചെയ്യാറുണ്ട്. ജിഹാദ് എന്നാൽ അമുസ്‌ലിംകളോടു യുദ്ധം ചെയ്യുകയാണ് എന്ന ഒരു തെറ്റിദ്ധാരണയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ദീനീ സേവനങ്ങൾക്കു പൊതുവിലുള്ള പേരാണ് യഥാർഥത്തിൽ ജിഹാദ്. ചിലപ്പോൾ അത് സായുധ സമരത്തിന്റെ രൂപവും പ്രാപിക്കാം എന്നു മാത്രം. ഇസ്‌ലാമിനുവേണ്ടി ദേഹം, ധനം, നാവ്, പേന, കൈകാലുകൾ എന്നിവ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്നവരെല്ലാം യഥാർഥത്തിൽ ജിഹാദ് ചെയ്യുന്നവരാകുന്നു. "ജാഹിദൂ ബി അംവാലികും വ അൻഫുസികും" (നിങ്ങളുടെ ധനംകൊണ്ടും ദേഹം കൊണ്ടും ജിഹാദ് ചെയ്യുക) എന്നാണ് ഖുർആൻ പലയിടത്തും കല്പിച്ചിട്ടുള്ളത്. കായികവും ബൗദ്ധികവുമായ സേവനങ്ങളാണ് ദേഹം (നഫ്സ്) കൊണ്ടുള്ള ജിഹാദ്. ഈ സേവനരംഗത്ത് ആവശ്യമായ ധനവ്യയമാണ് ധനം കൊണ്ടുള്ള ജിഹാദ്. പൊതുവിൽ ഒരു സാമൂഹിക ബാധ്യതയാണെങ്കിലും ചില സന്ദർഭങ്ങളിൽ ജിഹാദ് വ്യക്തിപരമായ ബാധ്യത തന്നെ ആയിത്തീരുന്നതാണ്. മുസ്‌ലിം സമൂഹം ശത്രുക്കളുടെ സായുധമായ ആക്രമണം നേരിടുന്ന ഘട്ടത്തിൽ ശത്രുക്കളെ തടയുന്നതിന് അവനവന്റെ കഴിവിൽ പെട്ട പ്രയത്നം നടത്തുക ഓരോ വ്യക്തിയുടെയും ബാധ്യത (ഫർദ് ഐൻ) ആയിത്തീരുന്നു. വിശ്വാസിയുടെ കൂറും ഭക്തിയും പരീക്ഷിക്കപ്പെടുന്ന ഘട്ടമാണത്. ആപദ്ഘട്ടത്തിൽ ഇസ്‌ലാമിനെ കൈയൊഴിയുന്നവന്റെ ഈമാൻ സംശയാസ്പദമാകുന്നു. ഇത്തരം ഘട്ടങ്ങളിൽ ശത്രുവിനു സഹായകരമായ നിലപാട് സ്വീകരിക്കുന്നവർ മുനാഫിഖുകൾ (കപടന്മാർ) എന്നാണറിയപ്പെടുക.

ഇസ്‌ലാമികാദർശങ്ങളുടെ പ്രബോധനത്തിന്റെ നൈരന്തര്യവും ഇസ്‌ലാമിക ധർമങ്ങളുടെ സംരക്ഷണവുമാണ് ജിഹാദിന്റെ ലക്ഷ്യം. ഈ ലക്ഷ്യം സാധിക്കുന്നതിനുള്ള എല്ലാ ഉപാധികളും ജിഹാദിന്റെ മാർഗങ്ങളാണ്. മുസ്‌ലിംലോകത്ത് എക്കാലത്തും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ജിഹാദ് തുടർന്നു വന്നിട്ടുണ്ട്. ഇന്നും നിലനില്ക്കുന്നുമുണ്ട്.